**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1851** **11-10-2024 - ൽ മറുപടിയ്ക്ക്**

**വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഫിറ്റ്നസ് കാലാവധിയുടെ മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ഫിറ്റ്നസ് കാലാവധിയുടെ മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ; എത്രകാലം ഒരു വാഹനം ഉപയോഗിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (എ) | **Ministry of Road Transport and Highways** ന്റെ **17/10/2023** തീയതിയിലെ **GSR 29(E)** നമ്പർ വിജ്ഞാപനപ്രകാരം കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ കൂട്ടിച്ചേർക്കപ്പെട്ട **52A** അനുസരിച്ച്, വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി പ്രാരംഭ രജിസ്ട്രേഷൻ തീയതി മുതൽ 15 വർഷം വരെയാണ്. |
| (ബി) | പതിനഞ്ച് വർഷം കഴിഞ്ഞ ഏതെല്ലാം തരം വാഹനങ്ങൾക്കാണ് നിരോധനം ഉള്ളതെന്ന് വിശദമാക്കാമോ; കെ.എസ്.ആർ.ടി.സി. ബസുകളുടെ കാലാവധി എത്രയെന്ന് അറിയിക്കാമോ; | (ബി) | "Special purpose vehicles used for operational purposes for defense of the country and for maintenance of law and order and internal security" എന്ന വിഭാഗത്തിൽ ഉപയോഗിക്കപ്പെടുന്ന സ്പെഷ്യൽ പർപ്പസ് വാഹനങ്ങൾ ഒഴികെയുള്ള, കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ/യൂണിയൻ ടെറിറ്ററി അഡ്മിനിസ്ട്രേഷൻ, മുൻസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത്, 2013ലെ കമ്പനീസ് ആക്ടും ട്രാൻസ്പോർട്ട് കോർപ്പറേഷൻ ആക്ടും പ്രകാരം സ്ഥാപിക്കപ്പെട്ട സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗ്സ്, പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ്, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ നിയന്ത്രണത്തിലുള്ള സ്വയം ഭരണസ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെടുകയും പ്രസ്തുത വാഹനങ്ങൾ RVSF വഴി പൊളിച്ചു നീക്കേണ്ടതുമാണ്. 28/09/2024 ലെ സ.ഉ.(സാധാ) നം. 389/2024/TRANS, പ്രകാരം 30.09.2024ന് കാലാവധി അവസാനിച്ച കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ കാലാവധി 30.09.2026 വരെയായി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | പബ്ലിക് ട്രാൻസ്പോർട്ടിനായി ഉപയോഗിക്കുന്ന കെ.എസ്.ആർ.ടി.സി. വാഹനങ്ങൾക്കില്ലാത്ത നിരോധനം സർക്കാർ വകുപ്പുകളിലെ പതിനഞ്ച് | (സി) | നിലവിൽ മറ്റ് സർക്കാർ വകുപ്പുകളുടെ വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി 15 വർഷത്തിൽ നിന്നും നീട്ടി നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| | വർഷം കഴിഞ്ഞ വാഹനങ്ങൾക്ക് ബാധകമാകുന്ന അവസ്ഥയുണ്ടോ; | | |
| (ഡി) | സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പതിനഞ്ച് വർഷം കഴിഞ്ഞതും മൂന്ന് ലക്ഷം കിലോമീറ്ററിന് താഴെ മാത്രം ഓടിയതും ഉപയോഗയോഗ്യവുമായ സർക്കാർ വാഹനങ്ങളെ ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കത്തക്കവിധത്തിൽ നിയമഭേദഗതിക്ക് കേന്ദ്രസർക്കാരിനോടാവശ്യപ്പെടാമോ? | (ഡി) | Ministry of Road Transport and Highways ന്റെ 17/10/2023 തീയതിയിലെ GSR 29(E) നമ്പർ വിജ്ഞാപനപ്രകാരം കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ കൂട്ടിച്ചേർക്കപ്പെട്ട 52A അനുസരിച്ച് രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെടുന്നവയിൽ പ്രവർത്തന ക്ഷമമായ വാഹനങ്ങൾ തുടർന്നും ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ